# തേജസ്വിനി നാളികേരോത്പന്നഫാക്ടറിക്ക് തറക്കല്ലിട്ടു

ചെറുപുഴ: കർഷകരുടെ പ്രശ്നങ്ങൾ ഫലപ്രദമായും പ്രായോഗികമായും പൂർണമായി പരിഹരിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

പെരിങ്ങോത്ത് 10 കോടി ചെലവിൽ നിർമിക്കുന്ന തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഫാക്ടറിക്ക് കല്ലിട്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കർഷക കമ്പനികൾക്ക് സർക്കാർ പരമാവധി സഹായം നല്കും. നീര ഉത്പാദനം കർഷകർക്കും തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്. നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചാൽ കർഷകന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകും. കൃഷിക്ക് നല്കുന്ന സബ്സിഡിയും താങ്ങുവിലയും താത്കാലികമാണ്. ശാശ്വതമായ പ്രയോജനം ലഭിക്കണമെങ്കിൽ മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കി വിപണനം നടത്തണമെന്നും കർഷകർക്ക് വലിയ ദൗത്യമാണുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ നീര വറ്റിച്ചുണ്ടാക്കിയ തേജസ്വിനി നീരപാനി മന്ത്രി കെ.സി.ജോസഫ് വിപണിയിലിറക്കി. സംസ്ഥാന നീര കമ്മിറ്റി കർഷകപ്രതിനിധി ബാബു ജോസഫ് നീരസാമ്പിൾ ബോട്ടിൽ ഏറ്റുവാങ്ങി. സി.കൃഷ്ണൻ എം.എൽ.എ. അധ്യക്ഷനായിരുന്നു.

കളക്ടർ പി.ബാലകിരൺ വ്യക്തിഗത ഷെയർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ചങ്ങാതിക്കൂട്ടം പരിശീലനം പൂർത്തിയാക്കിയവർക്കുള്ള തിരിച്ചറിയൽ കാർഡിന്റെ വിതരണം പെരിങ്ങോം പഞ്ചായത്ത് പ്രസിഡന്റ് പി.വി.തമ്പാൻ ഉദ്ഘാടനം ചെയ്തു. സി.പി.എസ്സിന്റെ ഷെയർ സർട്ടിഫിക്കറ്റ് വിതരണം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി.മാത്യു നിർവഹിച്ചു. ദേശീയ അവാർഡ് ജേതാവ് ഷാജി ഗണപതിപ്ലാക്കലിനെ സി.ആർ.പി.എഫ്. കേന്ദ്രം ഡെപ്യൂട്ടി കമാൻഡന്റ് എൻ.ശശികുമാർ പൊന്നാടയണിയിച്ചു. കമ്പനി ചെയർമാൻ സണ്ണി ജോർജ് പദ്ധതി വിശദീകരിച്ചു.

ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ് റോഷി ജോസ്, ഈസ്റ്റ് എളേരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജയിംസ് പന്തമാക്കൽ, ഉദയഗിരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജോയിച്ചൻ പള്ളിയാലിൽ, ആലക്കോട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ജോസ് വട്ടമല, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തംഗം എൻ.യു.സാറാമ്മ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ സുരേന്ദ്രൻ, പ്രിൻസിപ്പൽ കൃഷിഓഫീസർ പി.സി.ധനരാജ്, കാസർകോട് സി.പി.സി.ആർ.ഐ. പ്രതിനിധി മുരളീധരൻ, കെ.എഫ്.സി. ചീഫ് മാനേജർ എം.മണിശങ്കർ, ഫെഡറൽ ബാങ്ക് കോഴിക്കോട് സോൺ കൃഷിവിഭാഗം മേധാവി അലിയാർ റാവുത്തർ, നാഫെഡ് ഡയറക്ടർ സിബി മോനിപ്പള്ളി, ഡോ. കെ. മോഹനൻ, വി.കൃഷ്ണൻ, ജോയിസ് പുത്തൻപുര, ഇബ്രാഹിം പൂമംഗലത്ത്, കെ.വി.വിജയൻ, എം.പി. ഭാസ്കരൻ, ജെ.സെബാസ്റ്റ്യൻ, ടി.എ.വർഗീസ് ജോസ് പറയൻകുഴി തുടങ്ങിയവർ സംസാരിച്ചു.

2001-ൽ ചെറുപുഴയിലെ 10 കർഷകർ ചേർന്നു രൂപവത്കരിച്ച തേജസ്വിനി ഇക്കോ ഫാം സൊസൈറ്റി നാളികേര വികസന ബോർഡിനു കീഴിൽ നാളികേരോത്പാദന കമ്പനിയായി മാറുകയായിരുന്നു.

**ചെറുപുഴ തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഫാക്ടറിക്ക് കല്ലിടുന്ന ചടങ്ങിൽ മുഖ്യമന്ത്രി നിലവിളക്ക് കൊളുത്തുന്നു. മന്ത്രി കെ.സി.ജോസഫ്, സി.കൃഷ്ണൻ എം.എൽ.എ. കളക്ടർ പി.ബാലകിരൺ, തേജസ്വിനി ചെയർമാൻ സണ്ണി ജോർജ് തുടങ്ങിയവർ സമീപം**